**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5789** **08-07-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ബ്രാൻഡിൽ പുതിയ ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ശബരി ബ്രാൻഡിൽ സപ്ലൈകോ പുതുതായി പുറത്തിറക്കാൻ ഉദ്ദേശിക്കുന്ന ഉല്പന്നങ്ങൾ ഏതൊക്കെയെന്ന് അറിയിക്കുമോ; | (എ) | ശബരി ബ്രാൻഡിൽ **Sunflower oil, Palmolien oil, ഉപ്പ്, Hygiene** ഉൽപ്പന്നങ്ങൾ എന്നീ പുതിയ ഇനങ്ങൾ പുറത്തിറക്കുന്നതിനുള്ള |
| (ബി) | കുറഞ്ഞ ചെലവിൽ മരുന്നുകൾ നൽകുന്നതിന് സപ്ലൈകോ പുതിയ പദ്ധതി ആലോചിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ബി) | സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മുഖേന അവശ്യ മരുന്നുകൾ, ഇൻസുലിൻ എന്നിവ 25% വരെ വിലക്കിഴിവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. മുൻഗണനാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്ക് (PHH/AAY കാർഡ് ഉടമകൾ) എല്ലാത്തരം മരുന്നുകളും 25% വിലക്കുറവിൽ വിതരണം ചെയ്തുവരുന്നുണ്ട്.<br><br>ഇൻസുലിൻ ഉൽപ്പന്നങ്ങൾക്ക് നേരത്തെ നൽകിയിരുന്ന **18%** വരെയുള്ള വിലക്കിഴിവ് **2021** മുതൽ **20%** മുതൽ **24%** വരെയാക്കി ഉയർത്തിയിട്ടുണ്ട്. അതോടൊപ്പം സർക്കാർ ആശുപത്രികൾക്കും/ക്ഷേമ സ്ഥാപനങ്ങൾക്കും പരമാവധി വിൽപ്പന വിലയിൽ **18%** മുതൽ **22%** വരെ വിലക്കിഴിവിൽ ഇൻസുലിൻ ഉൽപ്പന്നങ്ങൾ നൽകിവരുന്നുണ്ട്.<br><br>കൂടാതെ സപ്ലൈകോയുടെ 50-ാം വാർഷികത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവയ്ക്ക് സമീപം അവശ്യ മരുന്നുകൾക്ക് പുറമേ മരുന്നിതര ഉൽപ്പന്നങ്ങളായ മെഡിക്കൽ/സർജിക്കൽ ഉപകരണങ്ങൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ, Wellness ഉപകരണങ്ങൾ എന്നിവകൂടി വിൽപ്പന നടത്തുന്ന 'സപ്ലൈകോ മെഡി മാർട്ട്' എന്ന പേരിൽ 10 ശീതികരിച്ച വിൽപ്പന ശാലകൾ ആരംഭിക്കുന്നത് സജീവ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | സപ്ലൈകോയുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഘട്ടം ഘട്ടമായി ആരംഭിക്കും. |

സെക്ഷൻ ഓഫീസർ